**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 366** **13-03-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണം തടയാൻ ഫെൻസിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യജീവി ആക്രമണം നേരിടുന്ന ജനവാസ മേഖലകൾക്ക് ചുറ്റും ഫെൻസിങ് സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | വയനാട് സൗത്ത് ഡിവിഷന്റെ കീഴിൽ 20.62 കി മീ , വയനാട് നോർത്ത് ഡിവിഷന്റെ കീഴിൽ 47.15കോട്ടയം ഡിവിഷനു കീഴിൽ 1 കി മീ, മലയാറ്റൂർ ഡിവിഷനു കീഴിൽ 10.5 കി മീ , തൃശ്ശൂർ ഡിവിഷനു കീഴിൽ 54.475 കി മീ , ചാലക്കുടി ഡിവിഷനു കീഴിൽ 6.6 കി മീ എന്നിവിടങ്ങളിൽ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വയനാട് ഡിവിഷന്റെ പരിധിയിലെ റെയിഞ്ചുകളിൽ വന്യജീവി പ്രശ്നം നേരിടുന്ന ജനവാസ മേഖലകളായ മുത്തങ്ങ റെയിഞ്ചിലെ അയനിപ്പുര മുതൽ പൂമുറ്റം വരെ 2.00 കി.മി സോളാർ ഹാങ്ങിംഗ് ഫെൻസ് 2022-23 സാമ്പത്തിക വർഷത്തിൽ നിർമ്മാണം പൂർത്തിയാക്കിവരുന്നുണ്ട്, കൂടാതെ ടി റെയിഞ്ചിലെ കുളകുന്ന് മുതൽ ആനഞ്ചിറ വരെയുള്ള സോളാർ ഹാങ്ങിംഗ് ഫെൻസിംഗിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നോർത്ത് വയനാട് ഡിവിഷനുകീഴിലെ ബേഗൂർ റെയിഞ്ചിന്റെ പരിധിയിൽ കൂടൽക്കടവ് മുതൽ പാൽവെളിച്ചം വരെ വരുന്ന 4.68 കി.മീറ്റർ ദൂരം ക്രാഷ് ഗാർഡ് ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്.ബഹു:മാനന്തവാടി എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പാൽവെളിച്ചം മുതൽ ബാവലി വരെ 3.12 കി.മീറ്റർ,വരയാൽ താരാബായി-1.5 കി.മീറ്റർ, മുത്തുമാരി-ചാത്തനാട്-3കി.മീറ്റർ,ഇരുമ്പുപാലം-കാപ്പിക്കണ്ടി-6കി.മീറ്റർ, ഓലഞ്ചേരി-കാപ്പിക്കണ്ടി-2 കി.മീറ്റർ, കാപ്പിക്കണ്ടി-കാളിന്ദി-1.5 കി.മീറ്റർ, |

| | | | |
|---|---|---|---|
| | | | അരണപ്പാറ-തോൽപ്പട്ടി-3.5 കി.മീറ്റർ എന്നീ സ്ഥലങ്ങളിൽ ഹാങ്ങിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.സൗത്ത് വയനാട് ഡിവിഷനിൽ ബഹു. എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 24.45 കി.മീറ്റർ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിൽ 13.15 കി.മീറ്റർ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വർക്ക് അവാർഡ് ചെയ്തിട്ടുള്ളതാണ്. 11.2 കി.മീറ്റർ ദൂരത്തിൽ ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് വയനാട് പാക്കേജിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർ, വയനാടിന് ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്. 11.5 കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിയും സൗത്ത് വയനാട് ഡിവിഷനിൽ ലഭിച്ചിട്ടുണ്ട്. കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന് കീഴിലെ ഇടുക്കിവൈൽഡ് ലൈഫ് ഡിവിഷനിൽ കിഴകാനം സെക്ഷനിലെ മുല്ല ഏരിയായിൽ ഒരു കി.മീ. ദൂരത്തിൽ സോളാർ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതും, ജോലികൾ പുരോഗമിച്ചുവരുന്നതുമാണ്. മലയാറ്റൂർ ഡിവിഷന്റെ പരിധിയിൽ 2022-23 വർഷത്തിൽ സൗരോർജ്ജവേലി നിർമ്മാണം 10.50 കി.മീറ്റർ ദൂരത്തിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. തൃശ്ശൂർ ഡിവിഷനിൽ വന്യമിത്ര സംയോജിത പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലി നിർമ്മാണവുമായി ബന്ധപ്പെട്ട് ജില്ല പ്ലാനിംഗ് ഓഫീസർക്ക് (54.475 കി.മീറ്റർ ദൂരത്തിൽ) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ചാലക്കുടി ഡിവിഷനിൽ വരന്തരപ്പിള്ളി പ്രദേശത്ത് സൗരോർജ്ജവേലി നിർമ്മാണവുമായി ബന്ധപ്പെട്ട് 2.5 കി.മീറ്റർ നടാപ്പാടം/പുലിക്കണ്ണിയിൽ പണി തുടങ്ങിയിട്ടുണ്ട്. കള്ളിചിത്ര ട്രൈബൽ കോളനിയിൽ ഒരു കി.മീറ്ററും ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. തെക്കുംകര-വാഴാനി പ്രദേശത്ത് 1.6കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. പട്ടിക്കാട് (കുതിരാൻ) പ്രദേശത്ത് 1.50 കി.മീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗ് നടപ്പാക്കുന്നതിന് കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആന അടക്കമുള്ള വന്യമൃഗങ്ങളെ പ്രതിരോധിക്കാൻ ഏത് തരം ഫെൻസിംഗാണ് മികച്ചതെന്ന് പരിശോധിച്ചിട്ടുണ്ടോ; ആനകളുടെ ആക്രമണം | (ബി) | ആന അടക്കമുള്ള വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് ഫലപ്രദമായ ഫെൻസിംഗ് ഏതാണെന്ന് സംബന്ധിച്ച് പഠനങ്ങളൊന്നും |

| | | | |
|---|---|---|---|
| | കൂടുതലുള്ള സ്ഥലങ്ങളിൽ ആനമതിൽ നിർമ്മിക്കാൻ തയ്യാറാകുമോ; | | നടത്തിയിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഘടനയ്ക്കനുസരിച്ചുള്ള ഫെൻസിംഗാണ് കൂടുതൽ ഉത്തമം. ഫണ്ടിന്റെ ലഭ്യതയും സ്ഥലത്തിന്റെ ഘടനയും അടിസ്ഥാനമാക്കി ആനമതിൽ ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. |
| (സി) | വന്യജീവി ആക്രമണം നേരിടുന്ന ജനവാസ മേഖലകൾക്ക് ചുറ്റം സോളാർ ഫെൻസിംഗ് സ്ഥാപിക്കാനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ; | (സി) | ഹൈറേഞ്ച് സർക്കിൾ, സെൻട്രൽ സർക്കിൾ, ഈസ്റ്റേൺ സർക്കിൾ, നോർത്തേൺ സർക്കിൾ എന്നീ ടെറിട്ടോറിയൽ സർക്കിളുകളിലായി NABARD Tranche XXVIII (2022-2023) പദ്ധതിയിലുൾപ്പെടുത്തി വനാതിർത്തികളിൽ ഭൗതിക പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനായി (സോളാർ ഫെൻസിംഗ് ഉൾപ്പെടെ) ഈസ്റ്റേൺ സർക്കിളിലെ പ്രവൃത്തികൾക്ക് 586.11 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ഡി) | വന്യജീവി ആക്രമണങ്ങളിൽ നിന്നും സംരക്ഷണം നൽകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ഡി) | തിരുവനന്തപുരം ഡിവിഷന്റെ പരിധിയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ സോളാർ ഫെൻസിംഗുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിലേക്ക് 13.01.2023-ൽ കൂടിയ ജില്ലാതല കോ-ഓഡിനേഷൻ കമ്മിറ്റിയിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. തെന്മല ഡിവിഷൻ പരിധിയിൽ ഒരു പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സോളാർഫെൻസിംഗുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായ സഹകരണത്തോടെ പരിപാലിക്കുന്നതിന് കോട്ടയം, മറയൂർ, മാങ്കുളം ഡിവിഷനുകളിലും നടപടികൾ സ്വീകരിച്ചുവരുന്നു. നോർത്തേൺ സർക്കിൾ കണ്ണൂരിൽ ഉൾപ്പെട്ടുവരുന്ന ഡിവിഷനുകളിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാസർഗോഡ് ഡിവിഷനിലെ ദേലംപാടി, കാറഡുക്ക, മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമപഞ്ചായത്തുകളിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP-2021) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുകയും, കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തിയിൽ 29.00 കിലോമീറ്റർ സൗരോർജ്ജ തൂക്ക് വേലി നിർമ്മിക്കാൻ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 8.00 കി.മീറ്റർ ദൂരം പ്രവൃത്തി ഇതിനോടകം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി വരുന്ന 21 കി.മീറ്റർ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ പൂർത്തിയായി വരുന്നുണ്ട്. കോഴിക്കോട് |

| | | | |
|---|---|---|---|
| | | | ഡിവിഷനിൽ താമരശ്ശേരി റെയിഞ്ചിനുകീഴിൽ കട്ടിപ്പാറ, പുതുപ്പാടി, കോടഞ്ചേരി, തിരുവമ്പാടി, കൂടരഞ്ഞി പഞ്ചായത്തുകളുടെ നേതൃത്വത്തിൽ 10 കി.മീറ്ററിലധികം ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ ഡിവിഷനിൽ ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് തളിപ്പറമ്പ് റെയിഞ്ചിൽ പയ്യാവൂർ ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം വഞ്ചിയം മുതൽ ആനപ്പാറ വരെ 11 കി.മീറ്റർ സോളാർ ഫെൻസിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. സൗത്ത് വയനാട് ഡിവിഷനിൽ മേപ്പാടി റെയിഞ്ചിൽ മൂപ്പൈനാട് പഞ്ചായത്തിന്റെ സഹായത്തോടെ 700 മീറ്റർ സോളാർ ഹാങ്ങിംഗ് ഫെൻസിംഗ് നിർമ്മാണ പ്രവൃത്തി 2022-23 സാമ്പത്തിക വർഷത്തിൽപൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ